നമ്പർ.ജി3/1451/08

ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ കാര്യാലയം
കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി
ബോർഡ്, കൊല്ലം തീയതി : 30/3/2010.

## സർക്കുലർ നമ്പർ. 2/10

വിഷയം: കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഭേദഗതി 2005 പ്രകാരം പട്ടിക 3,4 എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന വാഹന ഉടമകൾ അടക്കേണ്ട ക്ഷേമനിധി വിഹിതം ഗഡുക്കൾ പ്രകാരം അടക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

സൂചന: ഈ ഓഫീസിലെ 18/2/2008 തീയതിയിലെ സർക്കുലർ നമ്പർ 1/08.

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പരിഷ്കരിച്ച ഭേദഗതി പദ്ധതി പ്രകാരം ജൂലൈ 2007 മുതൽ കുടിശ്ശിക തുക തവണകളായി അടക്കുന്നതിന് സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിരുന്നു. എന്നാൽ 3-ാം പട്ടികയിലും 4-ാം പട്ടികയിലും വിവരിക്കുന്ന ടാക്സി, ടെമ്പോട്രാവലർ, ടൊയോട്ട, ക്വാളിസ്, ഓംനി, ഓട്ടോറിക്ഷ, ട്രാക്ടർ, ട്രില്ലർ മറ്റു വാഹനങ്ങൾ എന്നിവയുടെ ഉടമകൾ അടക്കേണ്ടതായ ക്ഷേമനിധി വിഹിതത്തിന്റെ തവണകൾ അടപ്പിക്കുന്നതിൽ പല ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരും വിവിധ മാനദണ്ഡങ്ങൾ സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി സാഹചര്യത്തിൽ പട്ടിക 3, 4 എന്നിവയിൽ വിവരിക്കുന്ന 6/05 - ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ നാളിതുവരെ ക്ഷേമനിധി വിഹിതം അടച്ചിട്ടില്ലാത്തതുമായ വാഹന ഉടമകളിൽ നിന്നും 31-03-2010 വരെ കുടിശ്ശിക ഉൾപ്പെടെ 44 മാസത്തെ തുക ഈടാക്കേണ്ടതാണ്. കൂടാതെ കുടിശ്ശിക ഇല്ലാത്ത തൊഴിലുടമകളിൽ നിന്നും ക്ഷേമനിധി അംശാദായം അവർ ക്ഷേമനിധി അടക്കുവാൻ വരുന്ന മാസത്തിന്റെ മുൻമാസം വരെയുള്ള ക്ഷേമനിധി തുക കണക്കാക്കി അടപ്പിക്കേണ്ടതാണ്.

വാഹനങ്ങൾ ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് കൈമാറ്റം നടത്തുമ്പോൾ നല്കുന്ന ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫിസർക്ക് കൂടി നിർബന്ധമായും അയച്ചുകൊടുക്കേണ്ടതാണ്.

ക്ലിയറൻസ് സർട്ടിഫിക്കറ്റ് പരിശോധിച്ച ശേഷം മാത്രമേ മറ്റ് ജില്ലകളിൽ നിന്നും വരുന്ന വാഹനങ്ങളുടെ ക്ഷേമനിധി സ്വീകരിക്കാവൂ.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.